

പാത
Academic Master Plan
2022-23
GLPS KVHS
എറിയാട്

# പാത

# ആമുഖം:

മികച്ച വിദ്യാഭ്യാസം മികച്ച വിദ്യാലയം കുട്ടിയുടെ അവകാശമാകുമ്പോൾ വിദ്യാലയത്തിലെ അക്കാദമിക സാഹചര്യങ്ങളും, ഭൗതിക സാഹചര്യങ്ങളും അനുബന്ധ ഘടകങ്ങളും മികച്ചതുത ന്നെ ആവേണ്ടതുണ്ട്. ഇവയെ മികവുറ്റതാക്കാൻ ഇപ്പോഴത്തെ സാഹചര്യങ്ങളെ വിലയിരുത്തി ദീർഘകാല അടിസ്ഥാനത്തിൽ പൂർത്തികരിക്കേണ്ടുന്ന പദ്ധതിയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്.

## സാമൂഹ്യ പശ്ചാത്തലം -

കൊടുങ്ങല്ലൂർ താലൂക്ക് ആറുകിലോമീറ്റർ വടക്കു പടിഞ്ഞാറായി എറിയാട് ഗ്രാമത്തിലാണ് ഗവ: എൽ.പി.എസ്.കെ.വി. എച്ച്.എസ് സ്ഥിതി ചെയ്യുന്നത്. എറിയാട് ഗ്രാമത്തിൽ ജീവിച്ചിരുന്ന മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി എ.ഡി.1921-ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം എൽ.പി സ്ക്കൂളാ യി ആരംഭിച്ച ഈ വിദ്യാലയം ഘട്ടം ഘട്ടമായി വളർന്ന് ഹയർ സെക്കന്ററി വരെയായി സുഗമമായ നടത്തിപ്പിനായി ഒര കോമ്പൗണ്ടിനുള്ളിൽ വെവ്വേറെ വിദ്യാലയങ്ങളായാണ് ഇവ ഇന്ന് പ്രവർത്തിക്കുന്നത്. എൽ.പി വിഭാഗത്തിന് ഒരു ഓടിട്ട കെട്ടിടവും രണ്ട് കോൺക്രീറ്റ് കെട്ടിടവർും അധ്യാപകർക്കും,വിദ്യാർത്ഥികൾക്കും വെവ്വേറെ മൂത്രപ്പുരകളും കക്കൂസുകളും ഉണ്ട്. പ്രീ പ്രൈമറി മുതൽ നാല് വരെ ക്ലാസ്സുക ളിലായി ഏകദേശം അഞ്ഞൂറ്റി അൻപതോളം വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തുന്നു. എട്ട് അധ്യാപകരുടേയും പി.ടി.സി.എമ്മിന്റെയും സേവനം ഈ വിദ്യാലയത്തിന് ലഭിക്കുന്നു. **സമൂഹത്തി ൽ വളരെ ഉയർന്ന സ്ഥാനങ്ങൾവഹിച്ച വിശിഷ്ടരായ പല വ്യക്തികളും ഇവിടത്തെ വിദ്യാർത്ഥികളായിരുന്നു എന്നത് അഭിമാനകരമായ കാര്യമാണ്. കൊച്ചി സംസ്ഥാനത്തിലെ ആദ്യ വനിതാ ഡോക്ടർ ടി. കെ.റാബിയ, പി.കെ. അബ്ദുള്ള ഐ.എ എസ്, ജഡ്ജിമാരായിരുന്ന മുഹിയുദ്ദീൻ സാഹിബ്, പി.**

എ.മുഹമ്മദ് അഷ്റഫ്, എം.ഇ.എസ് സ്ഥാപക നേതാവ് ഡോ. പി. കെ അബ്ദുൽ ഗഫൂർ, സിനിമാ നടന്മാരായ ബഹദൂർ, സുധീർ തുടങ്ങിയവർ അവരിൽ ചിലരാണ്.

# അദ്ധ്യായം 2

## ലക്ഷ്യങ്ങൾ“അക്കാദമിക മികവ് വിദ്യാലയ മികവ് ”-

ആധുനിക കാലഘട്ടത്തിൽ ഏതൊരു മികച്ച വിദ്യാഭ്യാസ സ്ഥാപനവും ലക്ഷ്യമിടുന്നതുപോലെ പഠന പാഠ്യേതരവിഷയങ്ങളിൽ കുട്ടിയുടെ സമഗ്രമായ വികസനമാണ് ജി. എൽ.പി.എ.സ്.കെ വി.എച്ച്. എസ്.എറിയാട് ലക്ഷ്യമിടു ന്നത്.ലക്ഷ്യത്തിലേക്ക്നയിക്കുന്നതരത്തിൽ ഭൗതിവും, അക്കാദമിക വുംസാമൂഹി കവുമായ മേഖലകളിലൂടെ ഉയർത്തിക്കൊണ്ടു വരുന്ന തിനുള്ള ആസൂത്രണവും കർമ്മപദ്ധതികളും വിഭാവനം ചെയ്യന്നു.

വിദ്യാലയം സ്ഥിതിചെയ്യുന്ന തീരദേശ മേഖലയുടെ പ്രാധാന്യം കണക്കിലെ ടുത്ത് പ്രദേശത്തിന്റെ പ്രത്യേകതയും അതോടൊപ്പംഅറിവ്, വൈദഗ്ദ്ധ്യം, എന്നിവയിലൂന്നിയുള്ള തൊഴിലവസരങ്ങളും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും കൈവരിക്കുന്നതിനുള്ള ദീർഘകാല പദ്ധതികളുടെ പ്രയോഗവത്ക്കരണവും ലക്ഷ്യമിടുന്നു.

### കാഴ്ചപ്പാട്

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകി സ്വയം പര്യാപ്തവും വികസന സ്വപ്നങ്ങളുമുള്ള ആധുനിക വിശ്വപൗരന്മാരെ സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടാണ് വിദ്യാലയം മുന്നോട്ട് വെയ്ക്കുന്നത്.

# ദൗത്യം



ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ നമ്മുടെ തനത് സംസ്കാരവും, പൈതൃ കവും, ഉയർത്തിപ്പിടിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുക. ”ലോകമേ തറവാട്” എന്ന വിശാലമായ ലോകത്തിലേക്ക് അറിവിന്റെയും ആശയങ്ങ ളുടെയും ചിന്തകളുടെയും വിനി മയത്തിലൂടെ വിദ്യാർത്ഥികളെ ഉയർത്തുക എന്നതും ഈ ദൗത്യത്തിന്റെ ഭാഗമാണ്.

### ലക്ഷ്യങ്ങൾ- അക്കാദമിക് മികവുകൊണ്ട് ഉദ്ദേശിക്കുന്നത്

1. മനുഷ്യമനസ്സുകളെ വികലമാക്കുന്ന ജാതി-മത-വർഗ്ഗ-വർണ്ണ- ലിംഗ വിവേചന ങ്ങളിൽ നിന്നും സ്വതന്ത്രമായ ഒരു ആധുനിക സമൂഹത്തെ വിദ്യാലയത്തി ലൂടെ വളർത്തിക്കൊണ്ടുവരിക, സാമ്പത്തികവും, സാമൂഹികവുമായ വേർതിരിവുകളില്ലാത്ത, പാർശ്വവത്ക്കരണത്തി നതീതമായ, മാനുഷിക മൂല്യങ്ങൾ പകർ ന്നു നൽകുന്ന നവീനമായ പഠനാനുഭവം എല്ലാ വിദ്യാർത്ഥികൾക്കും അനുഭവവേ ദ്യമാക്കുന്ന ഒരു മികവിന്റെ കേന്ദ്രമായി ഈ വിദ്യാലയത്തെ മാറ്റുക

2. വിജ്ഞാന സമ്പാദനത്തിന്റെ വിവിധ മേഖലകളായ നിരീക്ഷണം, പരീക്ഷണം, ഗവേഷണം തുടങ്ങിയ സർവ്വ മേഖലകളിലൂടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക.

3. സംശുദ്ധമായ വിദ്യാലയാന്തരീക്ഷത്തിലൂടെ ബൗദ്ധികമായി ഇടപെടുന്നതിനും, സാമ്പത്തിക പുരോഗതിക്കുന്നതുമായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുക.

4. വിദ്യാഭ്യാസം, അത് ലക്ഷ്യമിടുന്നതുപോലെ നിരക്ഷരതയും ദാരിദ്ര്യവും, നിരുത്തരവാദിത്വവും, അജ്ഞതയും തുടച്ചുനീക്കാനുതകുന്ന രീതിയിൽ അർത്ഥവത്തായി പകർന്നു നൽകുക.

Page 6

# അദ്ധ്യായം-3

## ജി.കെ.വി.എച്ച്.എസ്സ്.എസ്സ്. എറിയാട് "ചരിത്രം ഉറങ്ങുന്ന മുറ്റം"

ലോകത്തിന്റെ നെറുകയിൽ വ്യാപാരകുത്തകയുടെ വെന്നിക്കൊടി പാറിച്ച് പഴയ മൂസിരിസ് തുറമുഖത്തിന്റെ തീരത്താൽ പേരും പെരുമയും ആർജ്ജിച്ച നമ്മുടെ എറിയാട് ഗ്രാമം എറിയാടെന്നാൽ " ഏറിയ കാട് ".കടൽ കയറി വെച്ചു കാടായ പ്രദേശം എന്ന ഒരു അർത്ഥം കൂടിയുണ്ടെന്ന്പഴമ ക്കാർ പറയുന്നുണ്ട്.

1341 ൽ ഉണ്ടായ രാജ്യത്തെ ഞെട്ടിച്ച ഒരു വെള്ളപ്പൊക്കത്തിൽ അന്നുവരെ ലോക വ്യാപാരഭൂപടത്തിൽ വലിയ സ്ഥാനം പിടിച്ചിരുന്ന മുസിരിസ് തുറമുഖം പ്രകൃതിയുടെ ഭീകരമായ താണ്ഡവത്തിൽ നാമാവശേഷമായി പോയത് ചരിത്രം. ഒരുകാലത്തു വ്യാപാരികളായ അറബികളുടെയും യവന്മാരുടെയും വലിയ പായ്ക്കപ്പലുകൾ തീരത്തടുക്കുവാനുള്ള അനുവാദത്തിനു വേണ്ടി കടലിന്റെ ഓളങ്ങളിൽ അമ്മാനമാടിക്കിടന്നിരുന്നത് ഈ മുസിരി സ് തീരത്താണ്.

ഈ ചരിത്ര വീചികളിലൂടെ ഇസ്ലാം മതപ്രചാരകനായ മാലിക്ദിനാറും ശിഷ്യൻമാരും ക്രിസ്തുമത പ്രചാരകനായ തോമാശ്ളീഹായും ശിഷ്യന്മാരും അവരുടെ ചരിത്രത്തിൽ അനിവാര്യമായ കടൽയാത്ര പരിസമാപ്തിയിലെത്തിച്ചു കൊടുങ്ങല്ലൂരിനെയും എറിയാട് അഴീക്കോടി നേയും ഇന്ത്യയുടെ ചരിത്ര രേഖകളിൽ ഉൾപ്പെടുത്തിയത്

കടൽ കരവെച്ച് മാറ്റങ്ങൾ ഉണ്ടായതുപോലെ തന്നെ കാലം എറിയാടിനെ പിന്നെയും കലവറയില്ലാതെ പിന്തുണച്ച് എറിയാടിന്റെ മണ്ണിൽ വലിയ ചരിത്രബോധവും ദീർഘവീക്ഷണവും ഉള്ള

ഉത്പതിഷ്ണുക്കളായ മതേതരവാദികളും മഹാഗ്രന്ഥ കാരന്മാരുമായ മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ്, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി തുടങ്ങിയവർ ജന്മമെടുക്കുകയും കേരളത്തിൽ എറിയാടിന്റെ സ്ഥാനം വലുതാക്കുകയും ചെയ്തു.

കേരളചരിത്രത്തിന്റെ അത്യപൂർവ്വമായ ഗതിവിഗതികൾക്ക് സാക്ഷ്യം വഹിച്ച 1921 -ൽ തന്നെയാണ് ഈ. വിദ്യാലയവും സ്ഥാപിക്കപ്പെട്ടത്. ഒരു നാടിന്റെ അക്ഷര ചനങ്ങൾക്ക് ചിറക് നൽകി. ദീർഘദർശിയായ ശ്രീ മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി എന്ന സാമൂഹിക പരിഷ്കർത്താവാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. കുടിപ്പള്ളി കൂടമായി തുടങ്ങിയ ഈ വിദ്യാലയത്തിലേക്ക് പഠിതാക്കളെ, സൗജന്യമായി ഉച്ച ണവും, പഠനോപകരണങ്ങളും നൽകിയാണ് ഉത്പതിഷ്ണുവായ അദ്ദേഹം ആകർഷിച്ചത്. തന്റെ പിതാവിന്റെയും യാഥാസ്ഥിതിക സമൂഹത്തിന്റെയും കടുത്ത എതിർപ്പു കളെ അതിജീവിച്ച്, ഐക്യവിലാസം എന്ന തന്റെ തറവാട്ടുമുറ്റത്ത് വിദ്യാലയം സ്ഥാപി ക്കാൻ പുരോഗമനവാദിയായ മണപ്പാടനെ പഠിപ്പിച്ചത്. നിരക്ഷരതയിലാണ്ടു പോയ മുസ്ലീം ജനതയുടെയും അവഗണിക്കപ്പെട്ട മറ്റ് പിന്നോക്ക വിഭാഗങ്ങളുടേയും പ്രത്യേകിച്ച് ദാരിദ്ര്യത്തിലും നിരക്ഷരതയിലും ആണ്ടുപോയ തീരദേശവാസികളായ സമൂഹങ്ങളുടേയും ദൈന്യതയായിരുന്നു. ഇത് കേരള ചരിത്രത്തിൽ ഒരു നവോത്ഥാനത്തിന്റെയും പുതിയ ശാക്തീകരണത്തിന്റെയും തുടക്കമായിരുന്നു.

സ്കൂളിനായി മാറ്റിവെച്ച് തന്റെ തറവാട്ടുമുറ്റത്തിന്റെ ഹൃദയഭാഗം 1948-ൽ കൊച്ചി സംസ്ഥാന സർക്കാരിന് ശ്രീ. മണപ്പാടൻ കൈമാറു കയും, അദ്ദേഹത്തിന്റെ തന്നെ ശ്രമഫലമായി ഈ വിദ്യാലയം ഒരു അ പ്പർ പ്രൈമറി വിദ്യാലയമായി ഉയർത്ത പ്പെടുകയും ചെയ്തു. കൊച്ചി സ സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ. ഐ. എൻ മേനോൻ തന്റെ പിതാവായ ശ്രീ കേരളവർമ്മ തമ്പുരാന്റെ പേരിൽ തന്നെ സ്കൂളി നെ വീണ്ടും ഹൈസ്കൂളായി ഉയർത്തുകയും പിന്നീട് കേരളവർമ്മ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. സർക്കാർ, വിദ്യാ ലയം ഏറ്റെടുത്തിട്ടും സൗജന്യ ഉച്ചഭക്ഷണവും, പഠനോപകരണങ്ങളും

നൽകാൻ ശ്രീ. മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി മടി കാണിച്ചില്ല എന്നത് ഏറെ ആദരവോടെ ഇന്നും സ്മരിക്കപ്പെടുന്നു.കൊച്ചിയിലും മലബാറിലും മുസ്ലിം നവോത്ഥാനത്തിന്റെ ഭാഗമായി ഐക്യസംഘത്തിന്റെ നേതൃത്ത്വത്തിൽ രൂപം കൊണ്ട 1500 സ്കൂളുകളിൽ ആദ്യത്തേതാണ് ജി.കെ.വി.എച്ച്.എസ്.എറിയാട്.

എറിയാട് എന്ന തീരദേശ ഗ്രാമത്തെ അക്ഷരം പഠിപ്പിച്ച കേരളവമ്മ ഹൈസ്കൂൾ ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ അസമത്വങ്ങൾക്കെതി രെയുള്ള സാമൂഹിക വിപ്ലവത്തിവത്തിന് നേതൃത്വം കൊടുത്ത് ചരിത്രത്തിൽ ഇടം പിടിക്കുക കുടി ചെയ്തു എന്നതാണ് ശതാബ്ദി പിന്നിട്ട ഈ വിദ്യാലയം അതിന്റെ സ്ഥാപകന് നൽകുന്ന ആദരം.



മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി

# ഭാഷ

## നിലവിലെ അക്കാദമിക പ്രശ്നങ്ങൾ

1. പ്രൈമറി മുതൽ നാലാം തരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആശയവി നിമയം സാധ്യമാകുന്നില്ല.
2. വിവിധ ഭാഷാവിഷയങ്ങളിൽ ഭാഷയുടെ സൗന്ദര്യാത്മക തലം ഉൾകൊണ്ട് കൊണ്ട് വ്യവഹാരം നടത്താൻ കഴിയുന്നില്ല.
3. ഇംഗ്ലീഷ് ഭാഷയിൽ മികച്ച പ്രകടനം കാഴ്ച്ച വെക്കാൻ കഴിയുന്നില്ല.
4. ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാ മില്ലാത്തതും പഠന നിലവാരത്തെ ബാധിക്കുന്നു.
5. പ്രകൃതി ഒരു പാഠപുസ്തകമെന്ന നിലയിൽ ക്ലാസ് അന്തരീക്ഷവും, സ്കൂൾ അന്തരീക്ഷവും ഒരുക്കാൻ കഴിയുന്നില്ല.
6. സ്വന്തമായി പ്രശ്ന പരിഹരണപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ പരീക്ഷണ പ്രവർത്തനങ്ങളിൽ ഏപ്പെടാനോ കുട്ടികൾക്ക് കഴിയു ന്നില്ല
7. ഏല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ഒരുക്കാൻ സ്കൂളിനു കഴിയുന്നില്ല.
8. പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം നടത്താൻ ആവ ശ്യമായ പഠനോപകരണങ്ങളുടെ കുറവ്.
9. സ്ഥലപരിമിതി മൂലം കലാകായിക പ്രവർത്തനങ്ങൾ കാര്യക്ഷമമാ യി നട ത്താൻ കഴിയുന്നില്ല.
10. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്താനും പ്രോൽസാഹിപ്പിക്കുവാനും കഴിയുന്നില്ല.
11. അക്കാദമിക മികവിനായി പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ല്ല.

## പ്രശ്ന വിശകലനം

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|

| | | |
|---|---|---|
| അതാതു ക്ലാസുകളിൽ കുട്ടികൾ നേടേണ്ട നിർ ദ്ദിഷ്ട ശേഷികൾ എല്ലാവ രുംനേടിയിട്ടില്ല.<br>2 പ്രാദേശിക ആവശ്യങ്ങ ൾ പ രിഗണിച്ചുള്ള പരി ശീലനമോ പ്രാദേശിക പാഠങ്ങളോ ഒരുക്കുന്ന തിനുള്ള സംവിധാനങ്ങളി ല്ല.<br>4.സ്കൂൾ പ്രവർത്തനങ്ങ ളും വീട്ടിലെ പഠനാന്തരീ ക്ഷവും പരസ്പര പൂരകമാ യി മുന്നേറുന്നില്ല. | 1. അതാതു ക്ലാസിലെ നിലവാരം പ്രീ-ടെസ്റ്റ് നട ത്തി കണ്ടെത്തൽ.<br>2. എല്ലാ വിദ്യാർത്ഥികളെ യും പരിഗണിക്കുന്ന ആ സൂത്രണം.<br>3.വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ.<br>4. രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ,പരിശീലന ങ്ങൾ.<br>5. വായനാകാർഡുകൾ ഉൾപ്പെടുന്ന ലൈബ്രറി. | 1.പ്രീ-ടെസ്റ്റ്-പോസ്റ്റ് ടെസ്റ്റ്<br>2. വിദ്യാർത്ഥികൾക്കുള്ള ശില് പശാലകൾ (കഥാ, കവിത,നാടകം)<br>3. ക്ലാസ് ലൈബ്രറി, സ്കൂ ൾ ലൈബ്രറി ശക്തിപ്പെടു ത്തൽ.<br>4. പ്രാദേശിക ലൈബ്രറി ഉപയോഗം കാര്യക്ഷമമാ ക്കൽ.<br>5. വിദ്യാലയങ്ങൾ ഗ്രന്ഥാലയങ്ങളിലേക്ക് കാമ്പയിൻ.<br>6. പുസ്തക ശേഖരണ കാ മ്പയിൻ.<br>7.അമ്മവായന-വിപുലീക രണം<br>8. മാഗസിൻ.<br>9. കുട്ടിപ്പത്രം.<br>11. ഫോട്ടോ ഗ്യാലറി. |

## പരിഹാര പ്രവർത്തനം - വിശദാംശങ്ങൾ

## ഭാഷാ പഠനം

### 1. പ്രീ ടെസ്റ്റ്

ഓരോ വിദ്യാർത്ഥികൾക്കും വീട്, വിനോദം, കണ്ട സിനിമകൾ ഏതെങ്കി ലും ഒരു അനുഭവം എഴുതാൻ അവസരം നൽകുക. ഒരു കഥയോ, കവി തയോ വായിച്ച് ആശയ ഗ്രഹണം ചോദ്യത്തിലൂടെ പ്രതികരണം എഴു തിപ്പിക്കാം. പോസ്റ്റ് ടെസ്റ്റ് വിശകലനത്തിനായ് പ്രതികരണരേഖകൾസൂ ക്ഷിച്ചു വെക്കാം. പരിഹാരപ്രവർത്തന പാക്കേജ് തയ്യാറാക്കി നടപ്പിലാ ക്കും.

## പരിഹാര പ്രവർത്തന പാക്കേജ് പദ്ധതി തയ്യാറാക്കൽ.

a) മലയാളത്തിളക്കം പരിപാടി -അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് ICT സാധ്യതകൾ ഉപയോഗപ്പെടുത്തിയും അല്ലാതെയും പ്രവർത്തനങ്ങൾ നൽകുന്നു. ഇനിയും പ്രവർത്തനങ്ങൾ തുടരും.

b) ഹലോ ഇംഗ്ലീഷ് - ഹലോ ഇംഗ്ലീഷ് വഴി ഇംഗ്ലീഷ് ഭാഷയെ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

c) കവിയരങ്ങ് - കഥയരങ്ങ് - പാഠഭാഗത്തുള്ള കഥ, കവിത ഉൾപ്പെടുത്തി വർഷത്തിൽ ഒന്ന് വീതം നടത്തുന്നു.

d) കുട്ടികളെ ഗ്രന്ഥ ശാലയിൽ കൊണ്ടുപോയി മെമ്പർഷിപ്പ് എടുപ്പിക്കും, ലൈബ്രറി ഉപയോഗത്തിന്റെ രീതിശാസ്ത്രം, ലൈബ്രറി ക്രമീകരണം, പുസ്തക വിതരണം, രചനകൾ പരിചയപ്പെടുത്തൽ.

e) അമ്മവായന അമ്മമാർ പുസ്തകങ്ങൾ വായിച്ച് വായന കുറിപ്പ് എഴുതി കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കും.

f) പല സാഹിത്യകാരന്മാരുടെ രചനകൾ വായിച്ച് അവസരം നൽകുകയും സ്വന്തമായി ആശയരൂപീക രണം നടത്താൻ കുട്ടികളെ പ്രാപ്തരാക്കും.

g) ബാലഭ ബാലസഭ ശക്തിപ്പെടുത്തൽ ഓരോ ആഴ്ചയും നടത്തുന്ന പരിപാടിയെകുറിച്ച് മുന്നൊരുക്കം നടത്തുന്നു.

h) കുട്ടിപ്പത്രം ഭാഷ വ്യവഹാര രൂപങ്ങളുമായി ബന്ധപ്പെട്ട സൃഷ്ടികൾ ക്ഷണിക്കുന്നു. പിന്നീട് തെരഞ്ഞെടുത്ത് അവ പ്രസിദ്ധീകരിക്കുന്നു. സ്കൂളിൽ നടന്ന പ്രധാന വർത്തനങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ടുകൾതയ്യാറാക്കുന്നു. പിന്നീട് എഡിറ്റ് ചെയ്ത് പ്രിന്റെടുത്ത് തയ്യാറാക്കുന്നു. ”

**ഭാഷ**

| പ്രവർത്തനങ്ങൾ | ചുമതല | കാലം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|
| വികസന സമിതി രൂപീകരണം | വിദ്യാലവികസന സമിതി | മെയ് | |
| പ്രീ ടെസ്റ്റ് ടൂൾ നിർമ്മാണം | വിഷയ സമിതി | മെയ് | PTA |
| പ്രീടെസ്റ്റ് നടപ്പിലീക്കൽ | ക്ലാസ്സ് ടീച്ചർ വിഷയ സമിതി | ജൂൺ | |
| മൂല്യ നിർണ്ണയ വുംഫലവിശകല നവും | SRG-PTA | ജൂൺ | |
| റിപ്പോർട്ട് തയ്യാറാക്കലും | SRG-PTA | ജൂൺ | |
| റിപ്പോർട്ട് തയ്യാറാക്കലും അവതരണവും | H.M, P.T.A വിഷയ സമിതി | ജൂൺ | PTA |

## മേഖല- ഭാഷാ പഠനം

## പരിഹാര പ്രവർത്തന പദ്ധതി തയ്യാറാക്കൽ

## ലക്ഷ്യം-ഭാഷാശേഷി വികസനം

## 1. ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തൽ

**ലക്ഷ്യം-എല്ലാ വിദ്യാർത്ഥികളിലും ഉയർന്ന ഭാഷാ ശേഷി വികസനം ഉറപ്പാക്കുന്നതിന്**

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| രൂപരേഖ തയ്യാറാക്കൽ(വിവിധ ക്ലാസ്സുകളിലേക്ക് യോജിച്ചവ) | വിഷയസമിതി | ജൂൺ | അധ്യാപകർ |
| പുസ്തക സമാഹരണം വായനാ സാമഗ്രികൾ തയ്യാറാക്കൽ | അധ്യാപകർ,പൂർവ്വ വിദ്യാർത്ഥികൾ | | |
| മോണിറ്ററിംഗ് | | | |

## 2.വായനവീട്

വായനവീട് പദ്ധതിയിലൂടെ കുട്ടികൾക്കും കുടുംബങ്ങൾക്കും മെച്ചപ്പെട്ട വായനാനുഭവം നൽകുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| ഓരോ ക്ലാസിൽ നിന്നും പത്ത് കുട്ടികളെ തിരഞ്ഞെടുക്കുക,ക്ലാസ് തല കമ്മറ്റി രൂപീകരിക്കൽ,രക്ഷിതാക്കൾക്ക് നിർദേശം നൽകൽ,വീട്ടിൽ ഒരു ലൈബ്രറി സെറ്റ് ചെയ്യൽ. | ക്ലാസ ധ്യാപകർ | ജൂൺ | PTA |
| കുടുംബ വായന നടത്തൽ,വായനാകുറിപ്പ് തയ്യാറാക്കൽ. | | | |
| മോണിറ്ററിംഗ് | | | |

## 3. വിദ്യാരംഗം കലാസാഹിത്യവേദി സ്കൂൾ തലം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|

| | | | |
|---|---|---|---|
| ഓരോ ക്ലാസിൽ നിന്നും കുട്ടികളെ തിരഞ്ഞെടുത്ത് വിദ്യാരംഗം കമ്മറ്റി രൂപീകരണം.ക്ലാസ് തല വിദ്യാരംഗ പ്രവർത്തനങ്ങൾ നടത്തിച്ച് ഉപജില്ലാ തല ശില്പശാലയിലേക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കൽ. | അധ്യാപകർ | ജൂലൈ<br><br>ആഗസ്റ്റ്<br><br>സെപ്തം ബർ | |

## 4. ശിൽപശാല

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| വായന,കവിതാലാപനം, കടംകഥ,എന്നീ ശിൽപശാലകൾ നടത്തി വിദ്യാരംഗം,കലാ മേളകളിലേക്കുള്ള കുട്ടികളെ തിരഞ്ഞെടു ക്കൽ. | അധ്യാപ കർ | ഓഗ സ്റ്റ് | SRG<br>CPTA |

## 5.ശേഖരണം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| വിവിധ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ കൃതികൾ ശേഖരണം.ഇവയിൽ മികച്ചവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ. | അധ്യാപ കർ | ഓഗ സ്റ്റ് | SRG |

## Digital magazine "കഥ പറയുന്ന അപ്പൂപ്പൻ താടികൾ"

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| വിദ്യാരംഗം കലാസാ ഹിത്യ വേദിയുടെ ഭാഗമായി എല്ലാ മാ | വിദ്യാരംഗം ക്ലബ്ബ് ഉദ്ഗാടനത്തിൽ ആദ്യമാഗസിൻ പ്രസിദ്ധീകരണം. എല്ലാമാസവും ക്ളാസ് തല രചനാ | |

| | | |
|---|---|---|
| സവും Digital magazine പുറത്തിറക്കുന്നു.<br>കുട്ടികളുടെ സർഗാത്മകത വികസിപ്പി ക്കുന്നതിനും പ്രദർശി പ്പിക്കുന്നതിനും അവസരം ഒരുക്കുന്നു. | സമാഹരണം. വ<br>ക്ളാസ് തല രചനാമൽസരങ്ങൾ നടത്തി മികച്ചവ തിരഞ്ഞെടുക്കുന്നു. ഒരു വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി വിവിധ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുകയും മികച്ചവ തിരഞ്ഞെടുത്ത് മാഗസിൻ ആക്കുകയും ചെയ്യുന്നു. | അധ്യാപകർ |

## Digital magazine" Language nest "

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| ക്ലാസ് തല പ്രവർത്തനങ്ങളിൽ മികച്ച ഇംഗ്ലീഷ് പ്രവർത്തനങ്ങൾ മാഗസിനിലൂടെ പ്രദർശിപ്പിക്കുന്നു.<br>ഇംഗ്ലീഷ് ഭാഷയിലൂടെ കുട്ടികളുടെ സർഗാത്മകത പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | English Language club ഉദ്ഘാടനം.<br>ക്ലാസ് തല പ്രവർത്തനങ്ങളിൽ മികച്ചവ തിരഞ്ഞെടുത്ത് മാഗസിനിലേക്ക് ചേർക്കുന്നു.<br>മാസാവസാനം മാഗസിൻ പ്രസിദ്ധീകരിക്കുന്നു. | അധ്യാപകർ |

## കുട്ടിപത്രം

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|

| | | |
|---|---|---|
| ഓരോ മാസവും സ്കൂളിലെ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി സ്കൂളിലെ പ്രധാന വാർത്തകൾ തയ്യാറാക്കുന്നതിന് | സ്കൂളിലെ പ്രധാന വാർത്തകൾ ഓരോ മാസവും പത്രവാർത്തയാക്കുന്നു.ഒപ്പം ഫോട്ടോ ഗ്യാലറി ഒരുക്കുന്നു. | അധ്യാപകർ |

**ലക്ഷ്യം**

**വർക്ക് ഷീറ്റ്:ഭാഷാ വ്യവഹാര രൂപങ്ങളിൽ വർക്ക് ഷീറ്റ് നിർമ്മാണം: -**

**ലക്ഷ്യം: എല്ലാ കുട്ടികൾക്കും അവരവരുടെ തലത്തിനനുസൃത മായ പഠന സാമഗ്രികൾ ഉറപ്പാക്കുന്നതിന്.**

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| പഠന നേട്ടങ്ങൾ ലിസ്റ്റ് ചെയ്യൽ. | അധ്യാപകർ,S, R,G | മെയ് | PTA |
| വർക്ക് ഷീറ്റ് നിർമ്മാണ ശിൽപശാല. | അധ്യാപകർ,S, R,G OSA,PTA | മെയ് | PTA,OSA |
| ഓരോ ക്ലാസ്സിലും വർക്ക് ഷീറ്റ് ഉറപ്പാക്കൽ. | അധ്യാപകർ. | ജൂൺ | അധ്യാപകർ. |
| മോണിറ്ററിംഗ് | | | |

# രക്ഷിതാക്കൾക്കുള്ള ശില്പ ശാലകൾ

**ലക്ഷ്യം:- പഠന പ്രക്രിയയിൽ രക്ഷിതാക്കൾ നൽകേണ്ട പിന്തുണയെക്കുറിച്ചും രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിന്.**

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
| --- | --- | --- | --- |
| പ്രവർത്തന രൂപരേകയ്ക്ക് അനുസൃതമായുള്ള രക്ഷാകർതൃ ശാകതീകരണ പ്രവർത്തന പദ്ധതി ആസൂത്രണം നടത്തൽ | പഞ്ചായത്ത് തല വിഷയ സമിതി. | മെയ് | ഡയറ്റ്, പഞ്ചായത്ത്,ബി ആർ സി എം എൽ എ |
| രക്ഷിതാക്കൾക്കുള്ള ശാക്തീക രണ മൊഡ്യൂൾ നടപ്പിലാക്കൽ | അധ്യാപകർ,എ സ് ആർ ജി, പി ടി എ | ജൂൺ മാർച്ച് | |
| മോണിറ്ററ്ംഗ് | | | |

## പോസ്റ്റ് ടെസ്റ്റ്

| **പ്രവർത്തനങ്ങൾ** | **ചുമതല** | **കാലം** | **ഏജൻസി** |
| --- | --- | --- | --- |
| മലയാളത്തിളക്കം പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കാനുള്ള ടെസ്റ്റ് നിർമ്മാണം | ക്ലാസ് ടീച്ചർമാർ | ആഗസ്ററ് | BRC, SRG |
| ഫലപ്രാപ്തി വിശകലനം ചെയ്ത് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | അധ്യാപകർ SRG,CLASS PTA | ആഗസ്റ്റ് ഡിസംബർ മാർച്ച് | SRG SSG PTA |

# ഗണിതം

## നിലവിലെ അക്കാദമിക പ്രശ്നങ്ങൾ

1. കുട്ടികൾക്ക് പ്രൈമറി ക്ലാസുകളിൽ അടിസ്ഥാന ആശയങ്ങളിൽ ധാരണയില്ല.
2. നിത്യ ജീവിതത്തിൽ ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം നടത്താനോ പരിഹരിക്കാനോ കഴിയുന്നില്ല. 2. പ്രകൃതി ഒരു പാഠപുസ്തകമെന്ന രീതിയിൽ ക്ലാസ് അന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഒരുക്കാൻ കഴിയുന്നില്ല.

4. സ്കൂളുകളിൽ ഗണിത പഠനം കാര്യക്ഷമമാക്കുന്നതിനുള്ള ഗണിത പാർക്കില്ല.

5 ഗണിത പഠനം കാര്യക്ഷമമാക്കുന്നതിനുള്ള വായനാ മൂലകളോ, ഗണിത ലൈബ്രറികളോ നിലവിലില്ല.

6. സ്വന്തമായി പ്രശ്നപരിഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികൾക്ക്കഴിയുന്നില്ല.
7. നിത്യജീവിതത്തിൽ ഗണിതയുക്തി പുലർത്താൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല.

## ഗണിത ശാസ്ത്ര പ്രശ്ന വിശകലനം

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| അതാതു ക്ലാസുകളിൽ ആർജി ക്കേണ്ട നിർ ദ്ദിഷ്ടഗണിത ശേഷികൾ എല്ലാ കുട്ടികളും നേടിയിട്ടില്ല.<br>2 കുട്ടികൾക്ക് പ്രൈമറി ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ | 1 അതാതു ക്ലാസി ലെ ഭാഷാ നിലവാരം പ്രീ ടെസ്റ്റ് നട ത്തി കണ്ടെത്തൽ.<br>2 എല്ലാ കുട്ടികളേ യുംപരിഗണിക്കുന്ന ആസൂത്രണം വേ ണം.<br>3 അടിസ്ഥാന ഗണിതാ ശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പരിഹാരപ്ര വർത്തന പാക്കേജ് തയ്യാ റാക്കൽ.<br>4 ഗണിതപഠനത്തിൽ എല്ലാവിദ്യാർത്ഥികൾക്കും താത്പര്യവും ആത്മവി | 1. പ്രീ ടെസ്റ്റ്<br>2 അടിസ്ഥാനഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർന പാക്കേജ് തയ്യാറാക്കൽ.<br>3 ഗണിത മൂല.<br>4 ഗണിതപ്പതിപ്പ്. |

| | | |
|---|---|---|
| യില്ല.<br>3 ഗണിതം പഠിക്കാൻ കുട്ടികൾക്ക് താത്പര്യമില്ല. ആത്മവിശ്വാസമില്ല.<br>4 ഗണിതാശയങ്ങൾ പ്രായോഗിക അനുഭവങ്ങളി ലൂടെ പഠിക്കാൻ അവസരങ്ങളി ല്ല.<br>5 വിദ്യാർത്ഥികളുടെ പഠന നില പരിഗണിച്ച് വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങ ളൊരുക്കുന്നതിന് അധ്യാപകർക്ക് കഴിയു ന്നില്ല. | ശ്വാസവും ഉണ്ടാക്കുന്ന തിനുള്ള ശില്പ ശാലകൾ.<br>5 ക്ലാസിലും സ്കൂളുകളിലും ഗണിതപഠനാ ന്തരീക്ഷം ഒരുക്കൽ. (ഗണിത പവർത്ത ലാബ്, ഗണിതപാർ ക്ക്, എല്ലാ കുട്ടിക ൾക്കും ഗണിത കിറ്റ്)<br>6 അധ്യാപകർക്ക് ഗണി തോപകരണ ശില്പശാല.<br>7 അധ്യാപകപരിശീ ലന വും പ്രാദേശിക പത്രങ്ങൾ തയ്യാറാക്കലും. | 5. ഗണിത ക്വിസ്. |

## വിശദാംശം

1. പ്രീ ടെസ്റ്റ് - അടിസ്ഥാന ഗണിത ശേഷികളുടെ വികസനത്തിനുള്ള പ്രയോഗം ആവശ്യ മുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഒരേ തലത്തിലുള്ള കുട്ടികൾക്ക് ഒരേ പ്രവർത്തനങ്ങൾ നൽകുന്നു. വിലയിരുത്തൽ സൂചകങ്ങൾക്കനുസൃതമായി പ്രതികരണങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിച്ച് വെക്കുന്നു.

2 ഗണ്ത മൂല ഒരുക്കുന്നു.

3 ഗണിത ക്വിസ്

4 ഗണിതപ്പത്പ്പ്

## പ്രവർത്തന പദ്ധതി വിശകലനം

### പ്രവർത്തനം 1. പ്രീ ടെസ്റ്റ്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|

| | | | |
|---|---|---|---|
| 1. വിഷയസമിതി രൂപീകരണം<br>2. ആശയ രൂപീകരണം<br>3. പ്രീ-ടെസ്റ്റ് നടപ്പിലാക്കൽ<br>4. മൂല്യ നിർണ്ണ യവും ഫല വിശകലനവും<br>5. റിപ്പോർട്ട് തയ്യാ റാക്കലും അവതര ണവും.<br>6.മോണിറ്ററിംഗ് | വിദ്യാലയ വികസന സമിതി<br>വിഷയസമിതി<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി, പി.ടി.എ<br>എച്ച്.എം, പി.ടി.എ, വിദ്യാലയ വികസന സമിതി | മെയ്<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ | പി.ടി.എ |

# പരിസരപഠനം

**ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ**

**1.** പ്രകൃതി ഒരു പാഠപുസ്തകമെന്ന നിലയിൽ ക്ലാസ് അന്തരീക്ഷവും, സ്കൂൾ അന്തരീക്ഷവും ഒരുക്കാൻ കഴിയുന്നില്ല.

2. സ്വന്തമായി പ്രശ്ന പരിഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ, പരീക്ഷണപ്രവർത്ത നങ്ങളിൽ ഏർപ്പെടാനോ കുട്ടികൾക്ക് കഴിയുന്നില്ല.

3. പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം നടത്താൻ ആവശ്യമായ പകരണങ്ങളുടേയും പഠന തന്ത്രങ്ങളുടേയും ലഭ്യതക്കുറവ്

4. ഹൈ-ടെക് ക്ലാസ്സ് റൂമുകളുടെ അഭാവം

## പ്രശ്ന വിശകലനം

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| പ്രശ്ന കാരണങ്ങൾ<br>1. സ്ഥലപരിമിതി<br>2. ആവശ്യത്തിന് സാമ്പത്തികമില്ല.<br>3. പരീക്ഷണ-നീരിക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികൾ നിരന്തരം ഏർപ്പെടുന്നില്ല.<br>4. ചരിത്രബോധം വളർത്തുന്നതിനു ള്ള പ്രവർത്തനങ്ങളു ടെ അഭാവം.<br>5. ശാസ്ത്രീയ മനോഭാവം, ഉണ്ടാക്കുന്നതിനു | ലോവർ പ്രൈമറിക്ലാസു കളിൽ പണച്ചെലവ് കുറഞ്ഞബദൽ ലബോറട്ടറി ഒരുക്കൽ.<br>2. എൽ.സി.ഡി പ്രൊജക്ടറുകൾ സ്ഥാപിക്കൽ.<br>3. മാപ്പുകൾ, ഗ്ലോബുകൾ, മറ്റു പഠന ഉപകരണങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാ ക്കൽ.<br>4. ഫീൽഡ് ട്രിപ്പ് ഒരുക്കൽ<br>5. മഹത് വ്യക്തികൾ വി വിധമേഖലകളിൽ പ്രഗൽഭരായവർ,കൃഷിക്കാർ എന്നിവരുമായുള്ള അ ഭിമുഖം.<br>7. സയൻസ് പുസ്തക ങ്ങളുടെ ശേഖരണം.<br>8.സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സി.ഡികൾ | 1. ചുറ്റുപാടിൽ നിന്നും വസ്തുക്ക ളുടെ ശേഖരണം.<br>2 തോട്ടനിർമ്മാണം.<br><br>3. സയൻസ്ക്ലബ് രൂപീകരണം അതിന്റെ കീഴിൽ ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര,മേഖലകളി ലെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് മികച്ച് രീതിയിൽ നടപ്പിലാക്കൽ.<br><br>5. വീഡിയോ കളുടെ ശേഖരണം (വിവിധ വിഷയങ്ങൾ).<br>6. ഫീൽഡ് ട്രിപ്പിന് ആവശ്യമായ പ്രവർത്ത നങ്ങൾ, പദ്ധതികൾ |

| | | |
|---|---|---|
| ള്ള പ്രവർത്തനങ്ങ ളുടെ അഭാവം. | വിഡിയോകൾ ശേഖരിക്കൽ.<br>9. ശാസ്ത്ര ക്വിസ്<br>10. പതിപ്പ് നിർമാണം.<br>11. പക്ഷിനിരീക്ഷണം. | എന്നിവ തയ്യാറാക്കൽ.<br>7. ക്വിസ്സ് നടത്തിപ്പ് കുറച്ച് കൂടി കാര്യക്ഷമമാക്കൽ.<br><br>8. ഹൈടെക് ക്ലാസ് റൂം ഒരുക്കൽ. |

## ശേഖരണം

പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ക്ലാസുകളിൽ വരുന്ന ചിത്രങ്ങൾ,മാതൃകകൾ,ഇല, വേര്,മണ്ണ്, എന്നിവയുടെ ശേഖരണം.

## പ്രദർശനം

സ്വാതന്ത്ര്യ സമരസേനാനികൾ, വിവിധ തരം ചിത്രശലഭങ്ങൾ ,ദേശീയ ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട മോഡൽസ് ,ചാർട്ട്സ്,ഫോട്ടോസ്,പോസ്റ്റ്സ് ഇവയുടെ പ്രദർശനം.

## പരീക്ഷണങ്ങൾ

വിവിധ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ഫീൽഡ് ട്രിപ്പ്

ഓരോ പാഠഭാഗമായും ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് നടത്തുന്നതിന് മികച്ച ആസൂത്രണം ആവശ്യമാണ്. മുൻകൂട്ടി അതിനുള്ള തയ്യാറെടുപ്പ് നടത്തി ഈ പഠന തന്ത്രം ഫലപ്രദമായി പഠനത്തിനു വേണ്ടി ഉപയോഗപ്പെടുത്തും.

## അഭിമുഖങ്ങൾ

വിവിധ മേഖലകളിലെ പ്രഗത്ഭരെ ഉൾക്കൊള്ളിച്ചു കൊണ്ട് സെമിനാറുകൾ, അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കും. കൃഷിക്കാരൻ, മുതിർന്ന വ്യക്തികൾ സ്വാതന്ത്ര്യസമരസേനാനികൾ എന്നിവരുടെ അനുഭവങ്ങൾ കുട്ടികൾക്ക് ചരിത്രവബോധം സൃഷ്ടിക്കാൻ സഹായിക്കും.

## സയൻസ് ക്ലബ്ബ്

പഠനം രസകരമാക്കുന്ന മറ്റു പ്രവർത്തനങ്ങളായ ശാസ്ത്ര ക്വിസ്, പതിപ്പ് നിർമ്മാണം, പക്ഷി നിരീക്ഷണം,സ്കിറ്റ് കുറിപ്പ് തയ്യാറാക്കൽ എന്നിവ ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ സംഘടിപ്പിക്കും.

| **പ്രവർത്തനങ്ങൾ** | **ചുമതല** | **കാലം** | **ഏജൻസി** |
|---|---|---|---|
| കമ്മിറ്റി രൂപീകരണം | പി.ടി.എ. | ജൂൺ | |
| ഫണ്ട് ശേഖരണം | പി.ടി.എ, എസ്.ആർ.ജി | ജൂൺ | പി.ടി.എ, എസ്.ആർ.ജി |
| നടപ്പിലാക്കൽ | അധ്യാപകർ | ജൂൺ മുതൽ | |
| മോണിറ്ററിംഗ് | | | |

## പൂന്തോട്ട വിപുലീകരണം

| പ്രവർത്തനങ്ങൾ | **ചുമതല** | **കാലം** | **ഏജൻസി** |
|---|---|---|---|
| കമ്മറ്റി രൂപീകരണം | പി.ടി.എ,എം.പി.ടി.എ എസ്.ആർ.ജി | ജൂൺ | |
| ഫണ്ട്ശേഖരിക്കൽ,സ്പോൺ സറെ കണ്ടെത്തൽ | പി.ടി.എ, എസ്.ആർ.ജി | ജൂൺ | |
| ഫണ്ട് ഉപയോഗിച്ച് തോട്ട നിർമ്മാണം ആരംഭിക്കൽ. | കുടുംബശ്രീ,കുട്ടികൾ. പി.ടി.എ, എസ്.ആർ.ജി | ജൂലൈ | സ്പോൺ സേഴ്സ്. |
| കാർഷിക ക്ലബ്ബ് രൂപീകര ണം,ചുമതല നൽകൽ | കുട്ടികളും ടീച്ചേർസും | ജൂലൈ | |
| മോണിറ്ററിംഗ് | | | |

## അഭിമുഖങ്ങൾ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| രൂപരേഖ തയ്യാറാക്കൽ (വിവി ധ ക്ലാസുകളിലേക്ക് യോജിച്ചവ.) | വിഷയ സമിതി | ജൂ ൺ | പിടിഎ |
| പ്രഗ്ലഭ വ്യക്തികളെ കണ്ടെത്തൽ,സെമിനാറുകൾ നടത്തൽ. | | | പി.ടി.എ |
| മോണിറ്ററിംഗ് | | | |

## സയൻസ് ക്ലബ് പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജ ൻസി |
|---|---|---|---|
| ക്ലബ് രൂപീകരണം | അധ്യാപകർ | ജൂൺ | പി. ടി. എ |
| പ്രവർത്തനം ആസൂത്രണം ചെയ്യൽ (ക്വിസ്സ്, ദിനാചരണ പ്രവർത്തനങ്ങൾ ect) | ക്ലബ്ബ് അംഗ ങ്ങൾ,ടീച്ചേഴ്സ് | ജൂൺ, ജൂലൈ | |
| ഉചിതമായ സമയത്ത് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | ക്ലബ്ബ് അംഗങ്ങൾ, എസ്.ആർ. ജി | മാ ർച്ച്,ജൂ ൺ | |
| മോണിറ്ററിംഗ് | | | |

## ടാലന്റ് ലാബ്

**അക്കാദമിക പ്രശ്നങ്ങൾ**

കുട്ടികളിലെ സർഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങളുടെ കുറവ്
പരിശീലനത്തിന്റെ കുറവ്
കഴിവുകളുള്ള കുട്ടികൾക്ക് മുന്നോട്ട് വരാനുള്ള ഭയം (സഭാകമ്പം)

## പ്രശ്നവിശകലനം

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദേശങ്ങൾ | പദ്ധതി /പ്രവർത്തനം |
|---|---|---|
| 1.കുട്ടികളിലെ സർഗ്ഗാത്മക പ്രവർ ത്തന ങ്ങൾക്കുള്ള അവസരക്കുറവ്<br>2. പരിശീലനത്തി ന്റെ കുറവ്<br>3. കഴിവുകളുള്ള കുട്ടി കളിൽ ചില കുട്ടികളു ടെ സഭാകമ്പം | * ഓരോ ക്ലാസിലും ഒരേ കഴിവുകളുള്ള ഗ്രൂപ്പുകളാക്കി തിരിക്കൽ.<br>* ക്ലാസ്സ് തല ഗ്രൂപ്പുകളെ ഒരുമിച്ച് ചേർത്ത് സ്കൂൾ തല ഗ്രൂപ്പുകളാക്കൽ.<br>* പ്രത്യേക പരിശീലകരെ നിയമിക്കൽ<br>* അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകൽ<br>* പൂർവ്വ വിദ്യാർത്ഥികളിലെ കലാകാരന്മാരുടെ സേവനം ലഭ്യമാക്കൽ<br>* സർഗ്ഗാത്മക പ്രകടനങ്ങൾക്ക് ആത്മവിശ്വാസം നേടിയെടുക്കാ ൻ അധ്യാപകരേയും, രക്ഷിതാ ക്കളേയും പ്രാപ്തരാക്കൽ. | ബാലസഭ, സർഗവേള, ദിനാചരണമത്സര ങ്ങൾ, സ്കൂൾ അസംബ്ലി<br><br>പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ<br><br>ക്ലാസ് തല മത്സരങ്ങൾ. |

### പ്രവർത്തന പദ്ധതി വിശകതനം-സർഗാതക മൽസരങ്ങൾ,സർഗ്ഗ വേള

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| * വിഷയസമിതി രൂപീകരണം<br>* ആശയ രൂപീകരണം | വിദ്യാലയ വികസനസമിതി | | പി ടി എ |
| * കലാപ്രകടനങ്ങൾ മത്സരങ്ങൾ-ലിസ്റ്റ് തയ്യാറാക്കൽ | വിദ്യാലയ വികസനസമിതി | ജൂൺ മുതൽ | അധ്യാപകർ<br>പി ടി എ |

| | | | |
|---|---|---|---|
| * നടപ്പിലാക്കൽ<br><br>* റിപ്പോർട്ട് തയ്യാറക്കൽ | അധ്യാപകർ,<br>പി.ടി.എ.<br>അധ്യാപകർ. | മാർച്ച്<br>വരെ | പി ടി എ,എസ്<br>എസ് ജി<br>അധ്യാപകർ |

**പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ**

| **പ്രവർത്തനങ്ങൾ** | **ചുമതല** | **കാലം** | **ഏജൻസി** |
|---|---|---|---|
| പരിശീലന<br>ശില്പശാല-ആലോചന<br>താല്പര്യമുള്ള മേഖല അനുസരിച്ച്<br>അധ്യാപകരെ തരംതിരിക്കൽ<br>പരിശീലന ക്ലാസുകൾ നടപ്പിലാക്കൽ<br>റിപ്പോർട്ട് തയ്യാറാക്കൽ<br>മോണിറ്ററിംഗ് | വിഷയ<br>വികസന<br>സമിതി<br>എച്ച് എം<br>അധ്യാപ<br>കർ,<br>പി ടി എ<br>അധ്യാപ<br>കർ. | മെയ്<br>മെയ്<br><br>ജൂ<br>ലൈ | പിടി<br>എ<br>എസ്എസ് ജി<br>പ്പിഎ<br>ബിആർസി,എ<br>സ് എസ്<br>എ,ഗ്രാമ പ<br>ഞ്ചായത്ത്. |

# അറബി

## അറിഞ്ഞതിത്തിരി അറിയാനൊത്തിരി:-

### ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാഭ്യാസ ശാക്തീകരണത്തിന്റെയും ആദ്യപടിയായ അക്കാദമിക മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം തന്നെയാണ് ഭാഷാപഠനം. ലോക ഭാഷയായ ഇംഗ്ലീഷിനൊപ്പംതന്നെ നമ്മുടെ വിദ്യാലയങ്ങളിൽ അറബിയും പഠിക്കുന്നു എന്നത് വളരെ അഭിനന്ദനാർഹമാണ്. അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുകയും ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിനു പ്രതിവിധി ആരായുകയും ആണ് ഒരു പരിധി വരെ പഠനത്തിൽ പ്രയാസം സൃഷ്ടിക്കുന്നത് പ്രത്യേകിച്ച് അറബി ഭാഷയെ സംബന്ധിച്ചിടത്തോളം അക്ഷരങ്ങളുടെ എഴുത്തിൽ വരുന്ന രൂപമാറ്റങ്ങൾ തന്നെയാണ് ,അറബി ഭാഷയിലെ ഒരു വാക്കിന്റെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്തമായ രൂപത്തിലാണ് എഴുതുന്നത്. കുട്ടിയെ സംബന്ധിച്ച് പ്രത്യേകിച്ച് പ്രാഥമിക വിദ്യാലയങ്ങളിൽ അക്ഷര പഠനത്തിന് സഹായകരമായ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട് എന്ന തിരിച്ചറിവിൽ കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലക്ഷ്യം

കരിക്കുലം ലക്ഷ്യമാക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.

ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും അറബി ഭാഷ സംസാരിക്കുവാനും മനസ്സിലാക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

ലോകഭാഷകളിൽ മുന്നിട്ടു നില്ക്കുന്ന പ്രധാന ഭാഷ എന്ന നിലയിൽ വായനയിലൂടെയും മറ്റും അറിവ് നേടുന്നതിനുള്ള സാഹചര്യം ക്ലാസിൽ സജ്ജീകരിക്കുക.

വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷപഠനനേട്ടത്തിലൂടെ ഉപ്പുവരുത്തുക .ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. സർഗ്ഗഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക.

| ആമുഖം | ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണച്ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| ലോക ഭാഷകളിൽ പലതു കൊ ണ്ടും സവി ശേഷ മാണ് അറബി ഭാഷ സാമൂഹിക വും സാംസ്കാരികവുമായ നിരവധി മാനങ്ങളുള്ള അറബി ഭാഷയുടെ പ്രാധാന്യം നാൾക്ക നാ ൾ വർദ്ദിക്ക കയാണ്. ലളിതമായും ഒഴുക്കോടെ യും അനായാ സംസംസാരിക്കാൻ കഴിയു ന്നത് | * അറബി ഭാഷാ ശേഷി വർധിപ്പിക്കുക.<br>* പദസമ്പത്ത് വർധിപ്പിക്കുക.<br>* കുട്ടികളെ വായനാതൽപരരാക്കുകയും അവരുടെ ഭാഷാശേഷി വർദ്ധിപ്പിക്കുക യും ചെയ്യുക. | ഭാഷയിൽ പിന്നോക്കം നി ൽക്കുന്ന കുട്ടിക ളെ കണ്ടെത്തുക യും അവർക്ക് ആ വശ്യമായ പരിഗണനന ൽകുകയും എഴുത്തുവായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ടി സ്ലൈഡുകൾ തയ്യാറാക്കുന്നു.മാസത്തി ലൊരിക്കൽ ചെറി യ ചെറിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.ലാംഗ്വേജ് ലാബ്,സ്മാർട്ട് ക്ലാസ്സ്റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യം കവിത എന്നിവയുടെ ശേഖരങ്ങൾ | അധ്യാപകൻ<br>അധ്യാപകൻ | എച്ച് എം ഐ എം ഇ ഐ എം ജി<br>എച്ച് എം. ഐ എം ഇ . ഐ എം ജി |

| | | | | |
|---|---|---|---|---|
| എന്നാ ണ് അറബി എന്ന പദത്തി ന്റെ അർത്ഥം. കുറഞ്ഞവാക്കു കൾ കൊണ്ട് വിശാലമായ അർത്ഥ വ്യാ പ്തി പ്രതി ഫലിപ്പിക്കു വാൻ കഴിയു ന്ന സജീവമാ യ ഭഷകളി ലൊന്നാണ് അറബി. | | ആനിമേഷൻ മുതലായ വയുടെ നിർമ്മാണവും ഉപ യോഗവും സജ്ജമാ ക്കുന്നതിന് ആവശ്യ മായ വായനാകാർ ഡ്, ചിത്രകഥ വീഡി യോ എന്നിവ കമ്പ്യൂട്ട റിൽ തയ്യാറാ ക്കുന്നു. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹ ണച്ചുമതല | മോണിറ്റ റിംഗ് |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ലഘു വാക്യങ്ങൾ വായിക്കാൻ കഴിയുക. | * മുന്നറിവ് പരിശോധിക്കൽ<br>* അക്ഷര കാർഡ് നൽകൽ<br>* വാക്കുകൾ എഴുതിയ കാർഡ് നൽകൽ.<br>* ഭാഷാ കളികൾ<br>* മുന്നറിവ് ഓരോ പിരീഡിക്കും ആദ്യത്തെ അഞ്ചുമിനിറ്റ് ഓരോ വാക്കു കൾ ഓരോ കുട്ടിയെ കൊണ്ടും | | |

| | | | |
|---|---|---|---|
| | ഉച്ചത്തിൽ വായിപ്പിക്കുന്നു. | | |
| മുഴുവൻ കുട്ടികൾക്കും ല ഘുവാക്യങ്ങൾ എഴുതുവാൻ കഴിയുക. | ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു.<br>ചിത്രത്തിനും അടിക്കുറിപ്പ് തയ്യാറാക്കുന്നു.<br>ചിത്രത്തിനുള്ള വിവരണം.<br>അറബി സംഭാഷണം. | അധ്യാപകൻ | എച്ച് എം<br>ഐ എം ഇ.<br>ഐ എം ജി. |
| കുട്ടികളുടെ സർഗ്ഗ ശേഷി വർദ്ധിപ്പിക്കുക. | ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു.<br>ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കുന്നു.<br>കഥ പറയൽ.<br>സംഭാഷണം.<br>ചിത്രത്തിനുള്ള വിവരണം.<br>അറബി സംഭാഷണം<br>എഴുത്തു കൂട്ടം<br>പോസ്റ്ററുകൾ തയ്യാറാക്കുന്നു. | | |
| നല്ല അവസരം നൽകുക. പ്രതിഭകൾക്ക് മാത്രമല്ല എല്ലാവരും വിജയി എന്ന തലത്തിൽ വ്യത്യസ്ത കാറ്റഗറിയിലുള്ള | • ഭാഷാ കളികൾ<br>* പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റു കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിപ്പിക്കുന്നതിനും ഉള്ള അവസ നൽകുക. | | |

| | | | |
|---|---|---|---|
| വരെ ഉൾ പെ്പടുത്തി അവരുടെ കഴിവുകൾ പ്രക ടിപ്പിക്കാൻ അവ സരം നൽകും. | * അസംബ്ലിയിൽ കുട്ടികൾ പരിപാടികൾ അവതരി പ്പിക്കുക.<br>എൽ സി ഡി ഉപയോഗിച്ച് കഥകളുടെ പാട്ടുകളുടെ/ ഹ്ര സ്വഫിലിമുകളുടെ തമാശകളു ടെ വിഡിയോ കാണിക്കുക.<br>* ക്വിസ്<br>* പദനിർമ്മാണം<br>* കഥാപുരണം<br>* കവിതാപൂരണം. * പദപ്രശ്നം.<br>* കളറിംഗ്,<br>* മെമ്മറി ടെസ്റ്റ്<br>* ഗദ്യവായന<br>* സംഭാഷണം<br>എന്നിവ നടത്തുക. | | |

## ഐ.ടി

**അക്കാദമിക പ്രശ്നങ്ങൾ**

* കമ്പ്യൂട്ടർ ലാബ് - അപര്യാപ്തത, ഐ.ടി ഉപകരണങ്ങളുടെ കുറവ് (കമ്പ്യൂട്ടറുകൾ, ലാപ് ടോാ

| **പ്രശ്ന കാരണങ്ങൾ** | **പരിഹാര നിർദേശങ്ങൾ** | **പദ്ധതി /പ്രവർത്തനം** |
|---|---|---|
| കമ്പ്യൂട്ടർ ലാബ് - അപര്യാപ്തത, ഐ.ടി ഉപകരണങ്ങളുടെ കുറവ്. | * മികച്ച രീതിയിൽ ഉള്ള കമ്പ്യൂട്ടർ ലാബ് സജ്ജ മാക്കൽ.<br>* കുട്ടികളുടെ | പദ്ധതി പ്രവർത്തനം<br><br>സ്പോൺസർഷിപ്പ്,സർ ക്കാർ |

| | | |
|---|---|---|
| | എണ്ണമനു സരിച്ച് കമ്പ്യൂട്ടറുകളും , അനുബന്ധ ഉപകര ണങ്ങളും ലഭ്യമാക്കൽ<br>* ഓരോ അധ്യാപക നും ലാപ്ടോപ്പ് ലഭ്യമാ ക്കൽ. | സംവിധാനങ്ങൾ.<br><br>ഐ.ടി പ്രഗ്ഗഭർ നൽകുന്ന പരിശീലന ക്ലാസ്സുകൾ. |

**പ്രഗല്ഭർ നടത്തുന്ന പരിശീലന ക്ലാസുകൾ (ഐ .ടി)**

| പ്രവർത്തനങ്ങൾ | **ചുമതല** | **കാലം** | **ഏജൻസി** |
|---|---|---|---|
| * പരിശീലന ക്ലാസ്സ് ലോചന<br>* പരിശീലന ക്ലാസുകൾ നട പ്പിലാക്കൽ<br>* റിപ്പോർട്ട് തയ്യാറാക്കൽ<br>*മോണിറ്ററിംഗ് | വിഷയ സമിതി<br><br>അധ്യാപകർ, പിടിഎ, **അധ്യാപകർ.** | മെയ്<br><br>**മെയ്** | പി.ടി.എ, എസ്.എസ്.ജി<br><br>**എസ്.എസ്.എ, ബി.ആർ.സി, ഐടി @സ്കൂൾ.** |

## ക്ലാസ് പി.ടി.എ

**നിലവിലെ പ്രശ്നങ്ങൾ**

1. ക്ലാസ് പി.ടി.എ കളിൽ മുഴുവൻ രക്ഷിതാക്കളുടേയും പങ്കാളിത്തമില്ലായ്മ.
2. ചർച്ചകളിൽ സജീവ പങ്കാളിത്തമില്ലായ്മ.
3. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ അനാസ്ഥ.

**പ്രശ്ന വിശകലനം**

| **പ്രശ്ന കാരണങ്ങൾ** | **പരിഹാര നിർദേശങ്ങൾ** | **പദ്ധതി /പ്രവർത്തനം** |
|---|---|---|
| 1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന | ഒഴിവു ദിവസങ്ങളിൽക്ലാ | പഞ്ചായത്തധികൃതരു മായി മുൻകൂട്ടിയുള്ളച |

| | | |
|---|---|---|
| രക്ഷിതാക്കൾ. ജോലിയുള്ള ദിവസങ്ങളിൽ ക്ലാസ് പി.ടി.എ യിൽ പങ്കെടുക്കുന്നില്ല.തൊഴിലുറപ്പിന് പോകുന്നവർ ധാരളമുണ്ട്.<br>2. (ചർച്ചകളിൽ സജീവ പങ്കാളിത്തമില്ല.)വിദ്യാഭ്യാസ പരമായി പിന്നോക്കക്കാരാണ് ഭൂരിഭാഗം രക്ഷി താക്കളും. ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ വായനയ്ക്ക്ക സാഹചര്യമില്ല. അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള വൈമുഖ്യം.<br>3. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ അനാസ്ഥ. നവ മാധ്യമങ്ങളുടെ അതിപ്രസരം പുതിയബോധനരീതിയെ കുറിച്ച് അറിവില്ലായ്മ. | സ് പി.ടി.എ നടത്തൽ പഞ്ചായത്തുമായി. ബന്ധപ്പെട്ട് തൊഴിലുറപ്പ് ദിനങ്ങൾ മുൻകൂട്ടി അറിഞ്ഞ് പി.ടി.എ തിയ്യതികൾ ക്രമീകരിക്കൽ. ലൈബ്രറി ഉപയോഗപ്പെടുത്തൽ. അമ്മവായ നയ്ക്ക് പ്രാധാന്യം നൽകൽ. അസംബ്ലിയി ൽ അവതരിപ്പിക്കൽ.<br>രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് ,പുതിയ ബോധന രീതിയെ കുറിച്ച് ശില്പശാലകൾ | ർച്ചകൾ തീരുമാനിക്കൽ.സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ, ശില്പശാലകൾ, സാഹിത്യകാരന്മാരെ ക്ഷണിച്ച് രക്ഷിതാക്കൾക്ക് ക്ലാസെടുക്കൽ കൗൺസിലിങ്ങ്, ആർ.പിമാരെ പ്രയോജനപ്പെടുത്തൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. സി.പി.ടിഎ ശില്പശാല സംഘടിപ്പിക്കുക. |

**ലക്ഷ്യം :-ക്ലാസ്സ് പി.ടി.എകളിൽ പരമാവധി രക്ഷിതാക്കളെ പങ്കെടുപ്പിക്കുക വഴി കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്ൽ.**

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| * വികസനരണം സമിതി രൂപീകരണം.<br>* സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ ശില്പശാല<br>* സാഹിത്യകാരന്മാരെ ക്ഷണിക്കൽ കൗൺസിലിങ്ങ് ആർ. പിമാരെ പ്രയോജനപ്പെടുത്തൽ. | വിദ്യാലയ വികസന സമിതി<br>പി.ടി.എ, അധ്യാപകർ<br>പി.ടി.എ. പ്രാദേശിക ലൈബ്രറി കൗൺസിലിങ്ങ്, എസ്.ആർ.ജി കൺവീനർ, എച്ച്.എം | മെയ്<br>മാസത്തിൽ ഒരിക്കൽ<br>രണ്ട് മാസത്തിലൊരിക്കൽ. | പി.ടി.എ, എച്ച്.എം, അധ്യാപകർ<br>പി.ടി.എ, പ്രാദേശിക ലൈബ്രറികൗൺസിൽ<br>എസ്.ആർ.ജി കൺവീനർ, ക്ലാസ് അധ്യാപകർ എസ്.എസ്.എ എച്ച്.എം. പി.ടി.എ. |

# സ്മാർട്ട് ക്ലാസ് റൂം

**നിലവിലെ പ്രശ്നങ്ങൾ :-**

1. പുസ്തകത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള പഠനം ഫലപ്രദമാകുന്നില്ല.
2. പഠന രീതിയിലെ വ്യത്യാസം
3.ഐ.സി.ടി ഉപയോഗിച്ചുള്ള പഠനത്തിൽ എല്ലാ കുട്ടികൾക്കും ഒരേ സമയം പങ്കാളികളാവാൻ കഴിയുന്നില്ല.

## പ്രശ്ന വിശകലനം

| **പ്രശ്ന കാരണങ്ങൾ** | **പരിഹാര നിർദേശങ്ങൾ** | **പദ്ധതി/പ്രവർത്തനം** |
|---|---|---|
| കുട്ടികൾ പഠനത്തിൽ പിന്നോട്ടാകുന്നു. എൽ.സി.ഡിപ്രൊജക്ടർ വർക്ക് ചെയ്യുന്നില്ല. വായിക്കാൻ താൽപ ര്യമില്ല. ആനുകാലിക സംഭ വങ്ങളുമായി ബന്ധ പ്പെട്ടിട്ടുള്ള പഠനരീതി യിൽ വിവര ശേഖരണ ത്തിന് അനുബന്ധ ഉപകരണങ്ങളുടെ അ പര്യാപ്തത മൂലം എല്ലാ കുട്ടികൾക്കും ഒരേ ഘട്ടത്തിൽ പഠനം സാധ്യമാകുന്നില്ല. | പുസ്തക വായനയേക്കാൾ ഐ സി ടി ഉപ യോഗിക്കുന്നതു മൂലം പഠനം എളുപ്പവും താൽപര്യമുള്ളതാകുന്നു. വിവരശേഖരണത്തിന് പ്രയാസമനുഭവപ്പെടുന്നതിനാൽ പ്രൊജക്ട് വർ ക്കുകൾ ചെയ്യുന്നില്ല. ദൃശ്യമാധ്യമത്തിലൂടെ അവ തരിപ്പിക്കപ്പെടുന്നതി നാൽ മനസ്സിൽ പെട്ടെ ന്നു തന്നെ പതിയുന്നു. താല്പര്യത്തോടെ പ്രവർത്തനങ്ങളിൽ പ ങ്കാളിയാകുന്നു. നിലവിലെ സാങ്കേതി ക വി ദ്യകൾ ഉപയോ ഗിച്ച് വിവ രശേഖര ണം എളുപ്പമാണ്.കുട്ടി കളുടെ എണ്ണത്തിന് ആനുപാതികമായി സാമഗ്രികൾ ഒരുക്കണം. | സ്മാർട്ട് ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂം, ഐ സി ടി സാധ്യത കൾ ഉപയോഗി ക്കുന്നു.ഐ .സി.ടി സാധ്യ ത ക്ലാസ് റൂം ഹൈടെ ക്കാക്കുക |

| **പ്രവർത്തനങ്ങൾ** | **ചുമതല** | **കാലം** | **ഏജൻസി** |
|---|---|---|---|
| * വികസ സമിതി രൂപീക രണം.<br>* **സ്മാർട്ട് ക്ലാസ് റൂം.** | വിദ്യാലയ വിക സന സമിതി<br><br>പി.ടി.എ, എച്ച്.എം അധ്യാപകർ | മെയ്<br><br>ജൂൺ | എം എൽ എ പഞ്ചായത്ത് എസ് എ.സ് എ |

## [ക്ളാസ് തല ലൈബ്രറി]

## നിലവിലെ പ്രശ്നങ്ങൾ

1. ഒന്നു മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങളുടെ അപര്യാപ്തത.
2. ക്ലാസ് ലൈബ്രറികൾ ഉപയോഗിക്കുന്നതിന് ആവശ്യമായ അലമാര, സ്റ്റാന്റ് എന്നിവയുടെ അപര്യാപ്തത.
3. വായനയിലുള്ള അപാകത (അക്ഷരങ്ങളും വാക്കുകളും വായിക്കുന്നതിനും എഴുതുന്ന തിലുമുള്ള പ്രശ്നങ്ങൾ)
4. സാമൂഹ്യ - സാമ്പത്തിക പിന്നോക്കാവസ്ഥ.

## പ്രശ്ന വിശകലനം

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദേശങ്ങൾ | പദ്ധതി/പ്രവ ർത്തനം |
|---|---|---|
| 1.ആവശ്യമായ പുസ്തക ങ്ങളുടെ അപര്യാപ്തത.<br>2.ശേഖരിച്ച പുസ്തകങ്ങ ൾ സൂക്ഷിക്കുന്നതിന് ആവശ്യമായ അലമാര സ്റ്റാന്റ് എന്നിവയുടെ കുറവ്. | വിദ്യാർത്ഥികൾ,രക്ഷിതാ ക്കൾ,അദ്ധ്യാപക ർ,നാട്ടുകാർ എന്നിവരിൽ നിന്നും പുസ്തകങ്ങൾ സ്വീകരിക്കൽ.<br>സ്പോൺസർഷിപ്പ്.(ആവ ശ്യമായ പുസ്തകങ്ങൾ,അല മാര ,സ്റ്റാന്റ്, എന്നിവ) | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങ ൾ, വ്യക്തികൾ, ക്ലബ്ബുകൾ സംഘടനകൾ എന്നിവരുടെ സാമ്പത്തിക സഹായം |
| 3.ഭാഷാ പുസ്തകങ്ങളും സം മറ്റും വായിക്കുന്ന തിന് അക്ഷരങ്ങളും മറ്റും വായിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ. | സചിത്ര പുസ്തകങ്ങൾ, അമ്മവായന, ലളിതമായ ബാലപ്രസിദ്ധീകരണങ്ങൾ | തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾ, ക്ലബ്ബുകൾ, വ്യക്തികൾ. |

## വിശദാംശങ്ങൾ

1. ലഭ്യമായതും പിറന്നാൾ സമ്മാനമായി കുട്ടികളും രക്ഷിതാക്കളും നൽകി വരുന്ന പുസ്തക ങ്ങൾ, ക്യിസ്സ് തലത്തിൽ തയ്യാറാക്കപ്പെടുന്ന വായനാകുറിപ്പുകൾ, പതിപ്പുകൾ, കാർഡുകൾ, സ്പോൺസർഷിപ്പായും പഞ്ചായത്തിൽ നിന്നും വ്യക്തികഴിൽ നിന്നും ലഭിച്ചുവരുന്ന ദിനപ ത്രങ്ങൾ,മാസികകൾ,ആഴ്ചപ്പതിപ്പുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസര ങ്ങൾ ഓരോ ക്യിസ്സ് തലത്തിലും ഒരുക്കുന്നു.

2. നല്ലവായന, അമ്മവായന, പദപ്രശ്നങ്ങൾ, ക്യിസ്സുകൾ എന്നിവ അടിസ്ഥാനത്തിൽ നടത്തി സമ്മാനങ്ങൾ നൽകുന്നു.

3. വായനാവാരം, സ്കൂൾ ലൈബ്രറി പ്രദർശനവും തയ്യാറാക്കലും, സാഹിത്യകാരന്മാരെ കൊണ്ടുവന്ന് സാഹിത്യവേദി ഉദ്ഘാടനം ചെയ്യുന്നു.

## പ്രവർത്തന പദ്ധതി വിശകലനം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| 1.ക്ലാസ് തല ലൈബ്രറി ക്ലബ്ബ് രൂപീകരണം. | ക്ളാസ് ടീച്ചർമാർ | ജൂൺ-മാർച്ച് | വ്യക്തികൾ,സം ഘടനകൾ,പി ടി എ അംഗങ്ങൾ |
| 2.ഫർണീച്ചറുക ൾ ആവ ശ്യമായ വ ശേഖരിക്ക ലും, ഒരുക്കലും. | ക്ളാസ് ടീച്ചർമാർ,പിടിഎ ,എം പി ടി എ | ജൂൺ-മാർച്ച് | വ്യക്തികൾ,ക്ല ബ്ബുകൾ. |
| 3.വായനാ വാരാച രണവും, ക്യിസ്സ് സംഘടിപ്പിക്കലും | ക്ളാസ് ടീച്ചർമാർ. | ജൂൺ-ജൂലൈ-ആഗസ്റ്റ് | വ്യക്തികൾ,സാ ഹിത്യകാരന്മാർ, ക്ലബ്ബുകൾ. |